പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

05.02.2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.4811

## വിത്തുതേങ്ങയുടെ ഗുണനിലവാരം

**ചോദ്യം**

ശ്രീ.എം.ഉമ്മർ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ

(കൃഷിയും, മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) കൃഷി വകുപ്പ് ശേഖരിക്കുന്ന വിത്തുതേങ്ങയുടെ ഗുണനിലവാരം സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

എ) പ്രത്യേക സ്വഭാവ ഗുണമുള്ള തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽ നിന്നാണ് വിത്തുതേങ്ങ ശേഖരിക്കുന്നത്. കൃഷി വകുപ്പ് ശേഖരിക്കുന്ന വിത്തുതേങ്ങായുടെ ഗുണനിലവാരം സംബന്ധിച്ച് പഠനമൊന്നും നടത്തിയിട്ടില്ല.

ബി) വിത്തുതേങ്ങയുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നൂതന സങ്കേതങ്ങളാണ് നിലവിലുള്ളത്;

ബി) സ്വഭാവ വിശേഷണത്തോടുകൂടിയ മാതൃ വൃക്ഷങ്ങൾ പ്രത്യേകം തിരഞ്ഞെടുത്ത്, അവയിൽ നിന്നാണ് വിത്തുതേങ്ങാ സംഭരിക്കുന്നത്. വിവിധ ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ കേരള കാർഷിക സർവ്വകലാശാല പുറത്തിറക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശ (Package of Practices Recommentations) ത്തിന്റെ അടിസ്ഥാനത്തിലാണ് മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുക്കുന്നത് വിത്തുതേങ്ങാശേഖരിക്കുന്ന മാതൃവൃക്ഷത്തിന് ഉണ്ടായിരിക്കേണ്ട പ്രത്യേകതകൾ/ഗുണങ്ങൾ താഴെ പറയുന്നവയാണ്.

i) തുടർച്ചയായി വിളവ് നൽകുന്ന സ്വഭാവമുള്ള മാതൃവൃക്ഷമായിരിക്കണം. പ്രതിവർഷം കുറഞ്ഞത് 80 തേങ്ങയെങ്കിലും വിളവ് നൽകുന്നതു മായിരിക്കണം.

ii) മാതൃവൃക്ഷത്തിന് 20 വർഷത്തിൻ മേൽ പ്രായം ഉണ്ടായിരിക്കണം. (ആയത് 5 വർഷം കഴിഞ്ഞ് പൂർണ്ണ ഉല്പാദനശേഷി കൈവരിച്ചതായിരിക്കണം) എന്നാൽ മാതൃവൃക്ഷം elite തെങ്ങിന്റെ തൈയിൽ

നിന്നുണ്ടായതും സ്ഥിരമായി 6 വർഷത്തിൽ കുറയാത്ത കാലയളവിൽ വർദ്ധിച്ച ഉല്പാദനം നൽകുന്നതുമാണെങ്കിൽ അത്തരം മാതൃവൃക്ഷത്തിൽ നിന്നും വിത്തുതേങ്ങ ശേഖരിക്കാം. ഇത്തരം മാതൃവൃക്ഷത്തിന് കുറഞ്ഞത് 20 വർഷം പ്രായം വേണം എന്ന വ്യവസ്ഥ പാലിക്കേണ്ടതില്ല.

iii) മാതൃവൃക്ഷത്തിൽ 30-ൽ കൂടുതൽ പൂർണ്ണമായും വിരിഞ്ഞ ഓല ഉണ്ടായിരിക്കണം. ഓലകൾക്ക് നീളം കുറഞ്ഞ ശക്തിയുള്ള Petiole (മടൽ) ഉം വീതികൂടിയ leaf base ഉം ഉണ്ടായിരിക്കണം.

iv) മാതൃവൃക്ഷത്തിൽ കുറഞ്ഞത് 12 തേങ്ങാകുലകളെങ്കിലും ഉണ്ടായിരിക്കണം.

v) മാതൃവൃക്ഷത്തിലെ തേങ്ങ മീഡിയം വലിപ്പമുള്ളതും oblong ആകൃതിയുള്ള വയുമായിരിക്കണം.

vi) മാതൃവൃക്ഷത്തിലെ തൊണ്ടോടുകൂടിയ ഒരു തേങ്ങായ്ക്ക് 600 ഗ്രാമിൽ കുറയാത്ത ഭാരം ഉണ്ടായിരിക്കണം.

vii) മാതൃവൃക്ഷത്തിലെ ഒരു തേങ്ങയിലെ mean copra യുടെ അളവ് 150 ഗ്രാമോ അതിൽ കൂടുതലോ ആയിരിക്കണം.

viii) നീളമുള്ള കനം കുറഞ്ഞ ഒടിയുന്ന സ്വഭാവമുള്ള തണ്ടുകളോടുകൂടിയ തേങ്ങ കുലയുള്ള മാതൃവൃക്ഷങ്ങൾ ചെറിയതും നീളമുള്ളതുമായ തേങ്ങയോ Barren തേങ്ങയോ ഉല്പാദിപ്പിക്കുന്ന മാതൃവൃക്ഷങ്ങൾ, മൂപ്പെത്താത്ത തേങ്ങകൾ അധികമായി കൊഴിഞ്ഞു പോകുന്ന സ്വഭാവമുള്ള മാതൃ വൃക്ഷങ്ങൾ, അനുയോജ്യമായ പരിസ്ഥിതി സാഹചര്യത്തിൽ വളരുന്ന മാതൃവൃക്ഷങ്ങൾ എന്നിവ ഒഴിവാക്കണം. ഇത്തരത്തിൽ തെരഞ്ഞെടുക്കുന്ന മാതൃവൃക്ഷങ്ങളിൽ നിന്നും

| | |
|---|---|
| | ശേഖരിക്കുന്ന വിത്തു തേങ്ങയിൽ നിന്നും ശരിയായ വളർച്ച ഇല്ലാത്തതും കീടരോഗബാധയുള്ളതും സ്വീകാര്യമല്ലാത്ത ലക്ഷണമുള്ളതുമായ തേങ്ങ ഒഴിവാക്കി ലക്ഷണമൊത്ത വിത്തു തേങ്ങയാണ് കർഷകരിൽ നിന്നും സംഭരിക്കുന്നത്. ഇപ്രകാരം സംഭരിക്കുന്ന വിത്തു തേങ്ങ കൃഷി വകുപ്പിന്റെ വിവിധ ജില്ലകളിലുള്ള ഫാമുകളിൽ ശാസ്ത്രീയ കൃഷി രീതിയിൽ പാകി മുളപ്പിച്ച് അതിൽനിന്നും ഗുണ മേന്മയുള്ള തെങ്ങിൻ തൈകൾ മാത്രം തെരഞ്ഞെടുത്ത് കർഷകർക്ക് നൽകും. |
| സി) ഗുണനിലവാരമുള്ളതും ഉയരം കുറഞ്ഞതുമായ തെങ്ങുകൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) ഗുണനിലവാരമുള്ളതും ഉയരം കുറഞ്ഞതുമായ തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) എങ്കിൽ അവ കർഷകർക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | ഡി) സ്വീകരിച്ചിട്ടുണ്ട്. 9 മുതൽ 12 മാസം വരെ പ്രായമായ ഗുണമേന്മയുള്ള തെങ്ങിൻ തൈകളാണ് നടുന്നതിന് അനുയോജ്യം. എല്ലാ വർഷവും ജൂൺ മാസം മുതലാണ് തെങ്ങിൻ തൈകൾ വിവിധ കൃഷി ഫാമിൽ നിന്നും കൃഷി ഭവനുകൾ മുഖേനയും കർഷകർക്ക് വിതരണം ചെയ്യുന്നത്. ഈ വർഷവും ജൂൺ മാസത്തിൽ തെങ്ങിൻ തൈ വിതരണം ആരംഭിക്കും. |

**സെക്ഷൻ ഓഫീസർ**